"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീ.എൽദോസ് വർഗീസിന് അനുവദിച്ച ശൂന്യവേതനാവധിയുടെ വിനിയോഗിക്കാത്ത ഭാഗം റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1717/2021/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 09/09/2021

---

പരാമർശം:-

1. സ.ഉ(സാധാ) നം. 1619/18/ തസ്വഭവ, തീയതി 14.06.2018 .
2. ശ്രീ.എൽദോസ് വർഗീസിന്റെ 06.03.2021ൽ സമർപ്പിച്ച അപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 29.05.2021 എന്നീ തീയതികളിലെ ഇ4-5496/21 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീ.എൽദോസ് വർഗീസിന് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം KSR part I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയ്യർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ 5 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുകയും ടിയാൻ 18.08.2017 മുതൽ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയുമുണ്ടായി. അവധിക്കാലയളവ് തീരുന്നതിന് മുമ്പ് 27.08.2020 ൽ കേളകം ഗ്രാമപഞ്ചായത്തിൽ ടിയാൻ ജോലിയിൽ പുന:പ്രവേശിയ്ക്കുകയും ചെയ്തു. ആയതിനാൽ ടിയാന് അനുവദിച്ച ശൂന്യവേതനാവധിക്കാലയളവിൽ ടിയാൻ വിനിയോഗിക്കാത്ത 27.08.2020 മുത ൽ 17.08.2022 വരെയുള്ള ശൂന്യവേതനാവധി കാലയളവ് റദ്ദ് ചെയ്യുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം പരിശോധിച്ചു. വയനാട് ജില്ലയിലെ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീ.എൽദോസ് വർഗീസിന് പരാമർശം (1)

പ്രകാരം അനുവദിച്ച ശൂന്യവേതനാവധിയുടെ വിനിയോഗിക്കാത്ത 27.08.2020 മുതൽ 17.08.2022 വരെയുള്ള കാലയളവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്(പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ(പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്, വയനാട്(പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, കേളകം ഗ്രാമപഞ്ചായത്ത്, കണ്ണൂർ(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ.എൽദോസ് വർഗീസ്, സീനിയർ ക്ലാർക്ക്, കേളകം ഗ്രാമപഞ്ചായത്ത്, കണ്ണൂർ(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(111/ഇപിഎ1/21/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ